ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 05.02.2025 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ, വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണി വരെ രേഖപ്പെടുത്തിയത് 19.95 ശതമാനം പോളിങ്.

   **Voting underway for assembly elections in Delhi. 19.95% voter turnout recorded till 11 AM.**

2. ജലവും, മണ്ണും സംരക്ഷിക്കേണ്ടത് ഭാവിതലമുറയുടെ നിലനിൽപിന് അനിവാര്യമാണെന്ന് കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ. കേന്ദ്രസർക്കാരിൻറെ തണ്ണീർത്തട യാത്രാ പ്രചാരണ പരിപാടിക്ക് കൃഷിമന്ത്രി തുടക്കം കുറിച്ചു.

   **Protection of water and soil resources across the country is essential for the existence of future generations, says Union Minister Shivraj Singh Chouhan while launching Centre's Watershed Yatra to raise awareness about water and soil conservation in the country.**

3. മഹാകുംഭമേളയിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi today took a holy dip at Triveni Sangam in Mahakumbh, Prayagraj.**

4. ജയിലിൽ കഴിയുന്നവരെ മെച്ചപ്പെട്ട മനുഷ്യരാക്കി എടുക്കാനുള്ള പ്രതിബദ്ധത ജയിൽ ഉദ്യോഗസ്ഥർക്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Prison officers must be committed in transforming the prisoners into better human beings, says Kerala CM Pinarayi Vijayan.**

5. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ പണനയയോഗത്തിന് മുംബൈയിൽ തുടക്കം.

**A three-day meeting of the Monetary Policy Committee (MPC) of the Reserve Bank of India is scheduled to begin today in Mumbai.**

6. 38 -ാമത് ദേശീയ ഗെയിംസിൽ മുന്നേറ്റം തുടർന്ന് കർണാടക. കേരളം 9 സ്വർണവുമായി എട്ടാം സ്ഥാനത്ത്.

**Karnataka leads top in 38th National Games. Kerala at 8th place with 9 Gold medals.**

&&&&&&&&&&&&&&&&

# HEADLINE – 1

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ, വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാവിലെ 11 മണി വരെ 19.95 ശതമാനം പോളിങ് രേഖപ്പെടുത്തി. രാവിലെ ഏഴിന് ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നേരം ആറ് മണി വരെ തുടരും. ഒരു കോടി 56 ലക്ഷം വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിക്കുന്ന തിരഞ്ഞെടുപ്പിൽ 699 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. 70 മണ്ഡലങ്ങളിലുമായി 13,000-ലധികം പോളിങ് ബൂത്തുകൾ ക്രമീകരിച്ചിട്ടുണ്ട്. സുഗമമായ വോട്ടെടുപ്പിനായി വിപുലമായ സുരക്ഷാ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. എല്ലാ പോളിംഗ് സ്റ്റേഷനുകളും സിസിടിവി നിരീക്ഷണവും ഉറപ്പാക്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുത്ത് വോട്ട് രേഖപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വോട്ടർമാരോട് അഭ്യർത്ഥിച്ചു. കന്നിവോട്ടർമാർക്ക് അദ്ദേഹം ആശംസകളും നേർന്നു.

&&&&&&&&&&&&&&&&

## CEC RAJEEV KUMAR - INTRO

നിയമസഭാ തെരഞ്ഞെടുപ്പിൻറെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെയും സുരക്ഷാ സേനയെയും പ്രശംസിച്ച് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ. തിരഞ്ഞെടുപ്പ് റാലികൾ സമാധാനപരമായി സംഘടിപ്പിക്കുന്നതിന് സഹകരിച്ച രാഷ്ട്രീയ പാർട്ടികളോടും അദ്ദേഹം നന്ദി രേഖപ്പെടുത്തി. ഡൽഹിയിലെ ന്യൂ മോട്ടി ബാഗ് ഏരിയയിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## DELHI POLLING

വോട്ടെടുപ്പിൽ ഭേദപ്പെട്ട ജനപങ്കാളിത്തമാണ് അനുഭവപ്പെടുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, കേന്ദ്രമന്ത്രിമാരായ എസ് ജയശങ്കർ, ഹർദീപ് സിങ് പുരി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ഡൽഹി മുഖ്യമന്ത്രി അതിഷി, മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ തുടങ്ങിയ പ്രമുഖർ ആദ്യ മണിക്കൂറുകളിൽ തന്നെ വോട്ട് രേഖപ്പെടുത്തി. കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, ഡൽഹി ലെഫ്റ്റനൻറ് ഗവർണർ വിനയ് കുമാർ സക്സേന, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന തുടങ്ങിയവരും വിവിധ ബൂത്തുകളിലെത്തി രാവിലെ തന്നെ വോട്ട് രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## HEADLINE – 2
## SHIVRAJ-WATERSHED YATRA - INTRO

നീർത്തട വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ നടപ്പാക്കുന്ന തണ്ണീർത്തട യാത്രയുടെ ഉദ്ഘാടനം കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഓൺലൈനായി നിർവഹിച്ചു. ജലസംരക്ഷണത്തെക്കുറിച്ചും, മണ്ണ് നശീകരണത്തിൻറെ ദൂഷ്യവശങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുകയാണ് തണ്ണീർത്തട യാത്രയുടെ ലക്ഷ്യം. മണ്ണും ജലവുമാണ് ജീവിതത്തിന്റെ അടിസ്ഥാനമെന്നും അവയുടെ സംരക്ഷണം വരും തലമുറയുടെ നിലനിൽപ്പിന് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന 2.0 യ്ക്ക് കീഴിൽ കേന്ദ്ര ഗ്രാമവികസന വകുപ്പാണ് തണ്ണീർത്തടയാത്ര സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 3
## PM MAHAKUMBH

മഹാകുംഭമേളയിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. ത്രിവേണി സംഗമത്തിൽ അദ്ദേഹം ഇന്ന് പുണ്യ സ്നാനം നടത്തി. രാവിലെ 11 മണിയോടെ പ്രയാഗ് രാജിലെത്തിയ പ്രധാനമന്ത്രി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനൊപ്പമാണ് ത്രിവേണി സംഗമത്തിൽ എത്തിയത്. പ്രത്യേക പൂജകളിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEADLINE – 5

## RBI-MONETARY POLICY

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ പണനയയോഗത്തിന് ഇന്ന് മുംബൈയിൽ തുടക്കം.

ആർബിഐ ഗവർണറായി സഞ്ജയ് മൽഹോത്ര ചുമതലയേറ്റ ശേഷമുള്ള ആദ്യ യോഗമാണിത്. അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകൾ സംബന്ധിച്ച തീരുമാനങ്ങൾ ആർബിഐ ഗവർണർ മറ്റന്നാൾ പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&

## HEADLINE – 4

## CM - KERALA - INTRO

പരിഷ്കൃതമായ ജയിലുകളാണ് കേരളത്തിൽ ഉള്ളതെന്നും, ജയിലിൽ കഴിയുന്നവരെ മെച്ചപ്പെട്ട മനുഷ്യരാക്കി എടുക്കാനുള്ള പ്രതിബദ്ധത ജയിൽ ഉദ്യോഗസ്ഥർക്കുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത്, അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ 46-ാമത് പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കേരളത്തിൽ ജയിൽ പരിഷ്കരണത്തിന് തുടക്കം കുറിച്ചത്, സംസ്ഥാനത്തെ ആദ്യ സർക്കാരാണെന്നും, അതിനു ശേഷമാണ് രാജ്യത്തു തന്നെ ഇത്തരം പരിഷ്കാരങ്ങൾ വന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## SIDDHARTH - COURT ORDER

പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർഥിയായിരുന്ന ജെ.എസ്. സിദ്ധാർത്ഥൻറെ

മരണത്തെ തുടർന്ന് പുറത്താക്കിയ 18 വിദ്യാർത്ഥികളെ തിരികെ പ്രവേശിപ്പിക്കാനുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ചിൻറെ ഉത്തരവ് ഡിവിഷൻ ബെഞ്ച് തടഞ്ഞു. ഇതിനെതിരെ സിദ്ധാർത്ഥൻറെ മാതാപിതാക്കൾ നൽകിയ അപ്പീലിലാണ് ഉത്തരവ്. ആൻറി റാഗിങ് കമ്മിറ്റി വിചാരണയ്ക്ക് ശേഷം പുറത്താക്കിയ വിദ്യാർത്ഥികളെ മണ്ണുത്തി കോളേജിൽ കോടതി നിർദ്ദേശപ്രകാരം കഴിഞ്ഞ ആഴ്ച പ്രവേശനം നൽകിയിരുന്നു.

&&&&&&&&&&&&&&&&

## VETERAN-PASSED AWAY

ആകാശവാണിയിലെ മുൻ വാർത്താവതാരകൻ വെങ്കിട്ടരാമൻ ചെന്നൈയിൽ അന്തരിച്ചു. 102 വയസ്സായിരുന്നു. 1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയെന്ന സുപ്രധാന വാർത്ത തമിഴിൽ അവതരിപ്പിച്ചത് അദ്ദേഹത്തിൻറെ ശബ്ദത്തിലായിരുന്നു. നീണ്ട 64 വർഷം ആകാശവാണിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 6
## NATIONAL GAMES

ഉത്തരാഖണ്ഡിൽ പുരോഗമിക്കുന്ന 38 -ാമത് ദേശീയ ഗെയിംസിൽ 28 സ്വർണവുമായി കർണാടക മുന്നേറ്റം തുടരുന്നു. 21 സ്വർണവുമായി സർവീസസ് രണ്ടാമതും 16 സ്വർണവുമായി മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. ഒമ്പത് സ്വർണം ഉൾപ്പെടെ 23 മെഡലുകളുമായി പട്ടികയിൽ എട്ടാമതാണ് കേരളം. ഫുട്ബോൾ, ഷൂട്ടിംഗ്, ഹോക്കി മത്സരങ്ങൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മോഹൻബഗാൻ സൂപ്പർ ജയൻറ്-പഞ്ചാബ് എഫ് സിയെ നേരിടും. വൈകുന്നേരം 7.30 ന് കൊൽക്കത്തയിലാണ് മത്സരം.

&&&&&&&&&&&&&&&&

## ODI - CRICKET

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കമാകും. നാഗ്പൂരിലെ വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1:30 നാണ് ആദ്യ മത്സരം. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യൻ ടീമിനെ രോഹിത് ശർമ്മ നയിക്കും. കഴിഞ്ഞ ട്വന്റി-20 പരമ്പരയിൽ, 14 വിക്കറ്റു വീഴ്ത്തി പരമ്പരയിലെ താരമായ വരുൺ ചക്രവർത്തിയെ ടീമിൽ ഉൾപ്പെടുത്തി.

&&&&&&&&&&&&&&&&

## SWELL SURGE WAVES

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്നും നാളെയും ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. തീരദേശവാസികളും മത്സ്യത്തൊഴികളും ജാഗ്രത പാലിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.

&&&&&&&&&&&&&&&&

## PUNJAB-IMMIGRANTS-LANDING

അമേരിക്കയിൽ നിന്ന് നാടുകടത്തിയ നൂറിലധികം അനധികൃത ഇന്ത്യൻ കുടിയേറ്റക്കാർ യുഎസ്

വിമാനത്തിൽ ഇന്ന് ഉച്ചയോടെ മടങ്ങിയെത്തും. പഞ്ചാബിലെ ശ്രീ ഗുരു രാംദാസ് ജി അന്താരാഷ്ട്ര വിമാനത്താവളത്തിലാണ് ഇവരെ മടക്കി എത്തിക്കുന്നത്.

&&&&&&&&&&&&&&&&

## INDIANS-LIBYA

ലിബിയയിലെ ബെൻഗാസിയിൽ കുടുങ്ങിയ 18 ഇന്ത്യൻ പൗരന്മാർ ഇന്ന് നാട്ടിൽ മടങ്ങി എത്തുമെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. ജോലിക്കായി ലിബിയയിൽ എത്തിയ ഇവരെ പ്രാദേശിക അധികൃതരുടെ സഹായത്തോടെയാണ് മടക്കി എത്തിക്കുന്നത്.

&&&&&&&&&&&&&&&&

## TRUMP-UNHRC

ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ സമിതിയിൽ നിന്നും പിന്മാറാനൊരുങ്ങി അമേരിക്ക. ഇത് സംബന്ധിച്ച എക്സിക്യൂട്ടീവ് ഉത്തരവിൽ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഒപ്പുവച്ചു. യുനസ്കോയിലെ യുഎസ് പങ്കാളിത്തം വിലയിരുത്താനും ട്രംപ് നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&

## TRAIN DERAIL

ഒഡീഷയിലെ റൂർക്കേല റെയിൽവേ സ്റ്റേഷന് സമീപം ചരക്ക് തീവണ്ടിയുടെ മൂന്ന് ബോഗികൾ പാളം തെറ്റി. പാളം തെറ്റിയ ബോഗികൾ സമീപത്തുള്ള ചേരിയിലെ വീടുകൾക്ക് നേരെ നീങ്ങിയത് പരിഭ്രാന്തി പരത്തി.

&&&&&&&&&&&&&&&&

## VD SATHEESHAN

പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നയിക്കുന്ന മലയോര സമര യാത്ര ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. വൈകുന്നേരം നാലിന് തിരുവന്തപുരം അമ്പൂരിയിൽ സംഘടിപ്പിക്കുന്ന സമാപന സമ്മേളനം എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപ ദാസ് മുൻഷി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&